

ആലുവ ചുണങ്ങംവേലി എസ്ഡി കോൺവെന്റിൽ റോട്ടറി ക്ലബ്ബുകൾ നിർമിച്ചു നൽകിയ റോട്ടറി സെന്റർ ഫോർ സീനിയർ സിറ്റിസൺസ് വി ഗാർഡ് വൈസ് ചെയർമാൻ കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി ഉദ്ഘാടനം ചെയ്യുന്നു. ബോബി ജോസഫ്, സുനിൽ സഖറിയ, ജി. വിശ്വനാഥൻ, ജി. രാജ്കുമാർ, ഡോ. പ്രകാശ് ചന്ദ്രൻ, ക്യാപ്റ്റൻ മാത്യൂസ്, കെ.പി. ഫിലിപ് എന്നിവർ സമീപം.

# റോട്ടറി ക്ലബ് മുതിർന്ന പൗരൻമാർക്കായി ചുണങ്ങംവേലിയിൽ ഡേ കെയർ സെന്റർ തുറന്നു

ആലുവ ● റോട്ടറി കൊച്ചിൻ റീജൻ മുതിർന്ന പൗരൻമാർക്കായി നിർമിച്ച റോട്ടറി സെന്റർ ഫോർ സീനിയർ സിറ്റിസൺസ് ചുണങ്ങംവേലിയിൽ തുറന്നു. വി ഗാർഡ് ഗ്രൂപ്പ് മേധാവി കൊച്ചൗസേഫ് ചിറ്റിലപ്പിള്ളി ഉദ്ഘാടനം നിർവഹിച്ചു.

സിസ്റ്റേഴ്സ് ഓഫ് ഡെസ്റ്റിറ്റ്യൂട്ട് നടത്തുന്ന സെന്റ് ജോസഫ് ഓൾഡ് ഏജ് ഹോമിനോട് ചേർന്ന് 45 ലക്ഷം രൂപ ചെലവിൽ നിർമിച്ച മന്ദിരം മുതിർന്ന പൗരൻമാർക്കുള്ള ഡേ കെയർ സെന്ററായാണ് പ്രവർത്തിക്കുക.

ഇവിടുത്തെ അന്തേവാസികളേക്കാൾ ഉപരി പുറത്തുനിന്നുള്ള മുതിർന്ന പൗരൻമാരെ ഉദ്ദേശിച്ചുള്ളതാണിത്. ലൈബ്രറി, ഫാർമസി, ഫിസിയോ തെറാപ്പി സെന്റർ എന്നിവയും ഈ കേന്ദ്രത്തിലുണ്ട്.

മുതിർന്ന പൗരൻമാർക്കായി വിഭാവനം ചെയ്ത റോട്ടറി എൽഡേഴ്സ് പാർക്കിന്റെ ശിലാസ്ഥാപനം ഗവർണർ വി. രാജ് കുമാർ നിർവഹിച്ചു.

ഒന്നര ഏക്കർ സ്ഥലത്ത് വിഭാവനം ചെയ്തിരിക്കുന്ന പാർക്കിൽ ഉല്ലാസത്തിനായി ആംഫി തിയറ്ററും ഒരുക്കും. പൂന്തോട്ടം, മത്സ്യക്കുളം, ലൗ ബേർഡ് പാർക്ക്, പച്ചക്കറി തോട്ടം, ഔഷധ തോട്ടം, കുട്ടികളുടെ കളിസ്ഥലം എന്നിവയും നിർമിക്കും.

വീൽ ചെയർ ഉപയോഗത്തിന് സൗകര്യപ്രദമായ രീതിയിലാവും പാർക്കിന്റെ നിർമാണം.

വി ഗാർഡ് ഗ്രൂപ്പ് ഓഫ് കമ്പനീസ്, റോട്ടറി ക്ലബ് ഓഫ് മെഡിസിൻ ഹാറ്റ് കാനഡ തുടങ്ങിയവരുടെ സഹകരണത്തോടെയാണ് എൽഡേഴ്സ് സെന്റർ നിർമിച്ചത്.